## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4526** — **21.03.2018-ൽ മറുപടിക്ക്**

### <u>ന്യൂറോ ടെക്നോളജി കോഴ്സ്</u>

| ചോദ്യം | മറുപടി |
|---|---|
| **ഡോ. എം. വിൻസെന്റ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ന്യൂറോ സർജറിയും ന്യൂറോ മെഡിസിൻ വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിഭാഗങ്ങൾ ഇല്ലാത്ത ആശുപത്രികളിൽ ആയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ആശുപത്രികളിലും ന്യൂറോ സർജറിയും ന്യൂറോ മെഡിസിൻ വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. 2017-ൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളിലും, പാലക്കാട് ജില്ലാ ആശുപത്രിയിലും ന്യൂറോളജി കൺസൾട്ടന്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട് |
| (ബി) ഡി.എം.ഇ കേരള ഘടകം നടത്തുന്ന പാരാമെഡിക്കൽ ഡിപ്ലോമാ കോഴ്സ് ആയ ന്യൂറോ ടെക്നോളജി കോഴ്സ് പാസ്സായവർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ന്യൂറോ ടെക്നോളജി കോഴ്സ് പാസ്സായവരെ ഉൾപ്പെടുത്തി മെഡിക്കൽ കോളേജിലെ ഇ.ഇ.ജി തസ്തികകളുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരുന്നു. |
| (സി) ഓട്ടിസം പോലെ ന്യൂറോ സംബന്ധമായ അസുഖം ബാധിച്ചവരെ ചികിത്സിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ന്യൂറോ ടെക്നീഷ്യൻസിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ നൽകുകയും ആവശ്യമായ യോഗ്യത ഉള്ളവർക്ക് താൽക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ, ഓട്ടിസം പോലെ ന്യൂറോ സംബന്ധമായ അസുഖം ബാധിച്ചവരെ ചികിത്സിക്കാനുള്ള സെന്ററുകൾ തുടങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സെന്ററുകളിൽ ന്യൂറോ ടെക്നീഷ്യൻസിന്റെ സേവനം പ്രയോജന പ്പെടുത്തുന്നതാണ്. കൂടാതെ ഓട്ടിസം പോലെയുള്ള അസുഖം ബാധിക്കുന്ന കുട്ടികളെ NHM -ന് കീഴിൽ ജില്ലകളിൽ പ്രവർത്തിച്ച് വരുന്ന District Early Intervention Centre വഴിയും പരിശോധിച്ചു വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ സ്റ്റാഫിനെ NHM മാർഗ്ഗരേഖയനുസരിച്ച് താൽക്കാലികമായി നിയമിച്ച് വരുന്നു. |
| (ഡി) കാർഡിയോളജി, നെഫ്രോളജി എന്നിവ പോലെ സർക്കാർ-ജില്ലാ താലൂക്ക് ആശുപത്രികളിൽ ന്യൂറോ സെക്ഷൻ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) ആരോഗ്യ വകുപ്പിൽ ന്യൂറോളജിസ്റ്റിന്റെ 4 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ന്യൂറോ സർജറി വിഭാഗം വികസിപ്പിക്കുന്ന തിനുള്ള ശുപാർശകൾ തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ